**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2935** **22-01-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാലയപരിസരങ്ങളിലെ ലഹരി വിൽപ്പനയും ഉപയോഗവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ എം ഷാജി ,<br>ഡോ.എം.കെ . മുനീർ ,<br>ശ്രീ.കെ .എൻ .എ. ഖാദർ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂളുകളിൽ ജാഗ്രതാസമിതികൾ ഉൾപ്പെടെ രൂപീകരിച്ചിട്ടും വിദ്യാലയ/ബസ് സ്റ്റാൻഡ് പരിസരങ്ങളിൽ ലഹരിപദാർത്ഥങ്ങൾ നേരിട്ടും ഐസ്ക്രീം, ജ്യൂസ് എന്നിവകളിൽ കലർത്തിയും വില്പന നടത്തിവരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെതിരെ ശക്തമായ നടപടികളെടുത്ത് കേസുകൾ രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. എന്നാൽ ഐസ്ക്രീം/ജ്യൂസ് എന്നിവയിൽ കലർത്തിയുള്ള ലഹരി പദാർത്ഥ വില്പന ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വിദ്യാലയപരിസരങ്ങളിൽ ലഹരിപദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും നേരിട്ടും അല്ലാതെയും നിരീക്ഷിക്കുന്നതിനും നടപടിയെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുണ്ടോ; വിശദമാക്കാമോ; | (ബി) | അബ്കാരി ആക്ട് പ്രകാരം ഇക്കാര്യത്തിൽ നടപടിയെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമില്ല. |
| (സി) | വിദ്യാലയ പരിസരങ്ങൾ ലഹരി മുക്തമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം തടയുന്നതിനും സ്കൂൾ പരിസരങ്ങൾ ലഹരി മുക്തമാക്കുന്നതിനും എക്സൈസ് വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂളുകളിലും സ്കൂൾ പരിസരങ്ങളിലും ലഹരി വ്യാപനം തടയുന്നതിനായി സംസ്ഥാനത്തെ 4842 സ്കൂളുകളിലും 899 കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളും കോളേജുകളും സന്ദർശിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ സംരക്ഷണ സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് ലഹരി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തി ആവശ്യമായ പ്രതിരോധ നടപടികളും നിയമ നടപടികളും സ്വീകരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒരു എക്സൈസ് ഉദ്യോഗസ്ഥനെ വീതം ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലുള്ള കച്ചവടസ്ഥാപനങ്ങളിൽ പുകയില ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ഇല്ലായെന്ന് ഉറപ്പ് വരുത്തുന്നതിനായി ആവശ്യമായ പരിശോധനകൾ |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നു. സ്കൂൾ/കോളേജ് പരിസരങ്ങളിൽ പട്രോളിംഗ് നടത്തി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം ലഹരി വിരുദ്ധ ക്ലബ്ബുകളുമായി സഹകരിച്ച് പരിശീലനം ലഭിച്ച എക്സൈസ് ഉദ്യോഗസ്ഥർ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളും നൽകിവരുന്നു. ഓൺലൈൻ മുഖേനയും അല്ലാതെയും എല്ലാ ജില്ലകളിലും ലഹരി വിരുദ്ധ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വെബിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ